# പത്രക്കുറിപ്പ്

**കിഴക്കേകോട്ടയിൽ നിന്നും ആരംഭിച്ച് പാളയം വഴി ശംഖുംമുഖത്ത് അവസാനിക്കുന്ന ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്രയോടനുബന്ധിച്ച് 28.08.2017 തീയതി തിരുവനന്തപുരം നഗരത്തിൽ ചുവടെ പറയുന്ന ഗതാഗത ക്രമീകരണങ്ങൾ എർപ്പെടുത്തിയിട്ടുള്ളതാണ്.**

**28.08.2017** തീയതി ഉച്ചയ്ക്ക് **03.00** മണി മുതൽ കിഴക്കേകോട്ട, പഴവങ്ങാടി, ഓവർബ്രിഡ്ജ്, ആയുർവേദ കോളേജ്, സ്റ്റാച്യു, സ്പെൻസർ, വി.ജെ.റ്റി, രക്തസാക്ഷി മണ്ഡപം, ജി.വി.രാജ, പി.എം.ജി വരെയുള്ള റോഡിലും, ആശാൻ സ്വകയർ, ജനറൽ ആശുപത്രി, പാറ്റൂർ, പേട്ട, ചാക്ക, ആൾസെയിൻസ്, ശംഖുംമുഖം, വലിയതുറ വരെയുള്ള റോഡിലും ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

കിഴക്കേകോട്ട - ഓവർബ്രിഡ്ജ്, ആയുർവേദ കോളേജ് - വി.ജെ.റ്റി, ആശാൻസ്ക്വയർ ജനറൽഹോസ്പിറ്റൽ, പേട്ട- ചാക്ക റോഡിലും, എയർപ്പോർട്ട്- ചാക്ക -ഈഞ്ചയ്ക്കൽ റോഡിലും, ചാക്ക -കഴക്കൂട്ടം ബൈപ്പാസ് റോഡിലും ഒരു കാരണവശാലും വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല. ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്രയുമായി ബന്ധപ്പെട്ട് വരുന്ന വാഹനങ്ങൾ സുഗമവും, സുരക്ഷിതവുമായ ഗതാഗതത്തിനു ട്രാഫിക് പോലീസുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്രയുമായി ബന്ധപ്പെട്ട് വരുന്ന വാഹനങ്ങൾ അവർക്കായി അനുവദിച്ച ട്രാക്കിലൂടെ മാത്രം യാത്രചെയ്യേണ്ടതും,പൊതുജനങ്ങൾക്കും,ആംബുലൻസ്, ഫയർഫോഴ്സ്, രോഗികളുമായി വരുന്ന വാഹനങ്ങൾക്കും, കാൽനടയാത്രാകാർക്കും റോഡ് മുറിച്ച് കടന്നു പോകുന്നതിന് അവസരം ഒരുക്കേണ്ടതാണ്.

എയർപ്പോർട്ടിലേക്ക് വരുന്ന യാത്രക്കാർ കാലേക്കൂട്ടി ഗതാഗത തിരക്ക് കണക്കിലെടുത്ത് യാത്രകൾ ക്രമീകരിക്കേണ്ടതും, ഡൊമസ്റ്റിക് എയർപ്പോർട്ടിലേക്ക് പോകേണ്ട വാഹനങ്ങൾ ആൾ സെയിൻസ്-ശംഖുംമുഖം റൂട്ട് ഒഴിവാക്കി, ഈഞ്ചയ്ക്കൽ – കല്ലുംമൂട് - വലിയതുറ വഴി പോകേണ്ടതുമാണ്.

ഘോഷയാത്ര കഴിഞ്ഞ് ആറ്റിങ്ങൽ, വർക്കല, കിളിമാനൂർ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ വേളി, തുമ്പ, മേനംകുളം പെരുമാതുറ, പെരുമാതുറ,പുതിയപ്പാലം (തീരദേശപാത) വഴിയോ, തുമ്പ, കഴക്കൂട്ടം ദേശിയപാത വഴിയോ വടക്ക് ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

തെക്ക് ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വലിയതുറ–ബീമാപ്പള്ളി-പൂന്തുറ വഴി പോകേണ്ടതാണ്.

വട്ടിയൂർക്കാവ്, മലയിൻകീഴ്,കാട്ടാക്കട,പേരൂർക്കട,നെടുമങ്ങാട് ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ ചാക്ക-പേട്ട- പാളയം വഴി പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:- 0471-2558731,0471-2558732

ഒപ്പ്

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.